LIBRARY ARCHIVES Kerala Legislative Assembly

ആര്യമ്പാടം കുറുങ്കാട്ടുകുന്ന് കോളനിയിലെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഭവന പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്. 6 വീടുകളുടെ പ്ലാസ്റ്ററിംഗ് കഴിഞ്ഞു. കുടിവെള്ള വിതരണം, ഉൾറോഡ്, നടപ്പാത നിർമ്മാണം എന്നിവ തുടങ്ങിയിട്ടില്ല. പ്രവൃത്തികൾ 31-12-2021-ന മുമ്പായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കണ്ണൂർ പള്ളിപ്രം കോളനിയിലെ അംബേദ്കർ ഗ്രാമം പദ്ധതി

45(790) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ നിയോജകമണ്ഡലത്തിലെ പള്ളിപ്രം കോളനിയിൽ നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) പ്രസ്തുത കോളനിയിലെ ചുറ്റുമതിൽ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കിഴക്കേമറ്റം കോളനി പുനരുദ്ധാരണം

46(791) ശ്രീമതി യു പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ 'അംബേദ്കർ ഗ്രാമം' പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്തുന്ന കിഴക്കേമറ്റം കോളനിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; നിർമ്മാണ പ്രവർത്തനങ്ങൾ എന്നേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കോളനിയുടെ എസ്റ്റിമേറ്റിൽ ഭേദഗതി ആവശ്യമായതിനാലാണ് കാലതാമസമുണ്ടായത്. നിർവ്വഹണ ഏജൻസി സമർപ്പിച്ചിട്ടുള്ള പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ചുവരുന്നു. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതാണ്.